# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.760** **03/12/2014-ൽ മറുപടിക്ക്**

## ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കാരുണ്യ ഫാർമസി

**ചോദ്യം**

**ശ്രീ. ബി. ഡി. ദേവസ്സി**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്, ട്രോമാകെയർ യൂണിറ്റ്, ബ്ലഡ് ബാങ്ക് എന്നിവ അനുവദിക്കുമെന്ന വകുപ്പ മന്ത്രിയുടെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | (എ) | 25/11/2014-ന് ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ കൂടിയ ആശുപത്രി ഭരണ സമിതി യോഗത്തിൽ ഡയാലിസിസ് യൂണിറ്റ്, ബ്ലഡ് ബാങ്ക് എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. ഡയാലിസിസ് യൂണിറ്റിന് സ്ഥലം ലഭ്യമാണ്. ട്രോമാകെയർ യൂണിറ്റിനുള്ള കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാനായി 30 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഉപകരണങ്ങളുടെ ടെൻഡർ നടപടി പുരോഗമിച്ചു വരുന്നു. |
| (ബി) | ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കാരുണ്യ ഫാർമസി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കും എന്നറിയിക്കാമോ ? | (ബി) | കാരുണ്യ ഫാർമസി ബിൽഡിംഗ് പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് കണക്ഷൻ, നഗരസഭാ അനുമതി എന്നിവ ലഭ്യമാക്കാനുണ്ട്. ഇത് പൂർത്തീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ബിൽഡിംഗ് കൈമാറിയതിനുശേഷം ഫാർമസി പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ